"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിറ്റൂർ തത്തമംഗലം മാസ്റ്റർപ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.75/2024/LSGD തീയതി,തിരുവനന്തപുരം, 25-06-2024

---

പരാമർശം:-

1. 26.02.2021 ലെ സ.ഉ.(കൈ)നം.79/2021/തസ്വഭവ നമ്പർ ഉത്തരവ്
2. 25.09.2021 ലെ സ.ഉ.(കൈ)നം.215/2021/തസ്വഭവ നമ്പർ ഉത്തരവ്
3. 30.07.2023 ലെ ആർ.ഡി.2/114/2023/എൽ.എസ്.ജി.ഡി. നമ്പർ കത്ത്
4. ചിറ്റൂർ തത്തമംഗലം നഗരസഭ കൗൺസിലിന്റെ 05.03.2024 ലെ 19-ാം നമ്പർ തീരുമാനം
5. ചിറ്റൂർ തത്തമംഗലം നഗരസഭ സെക്രട്ടറിയുടെ 02.04.2024 ലെ ഇ2-8544/18 നമ്പർ കത്ത്.
6. 20.04.2024 ലെ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ എൽ.എസ്.ജി.ഡി./പിഡി/17192/2023-ടിസിപിബി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചിറ്റൂർ-തത്തമംഗലം നഗരസഭാ പ്രദേശത്തിനായി തയ്യാറാക്കിയ മാസ്റ്റർപ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകുകയും, തുടർന്നു മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള സമയ പരിധി 26/10/2021 വരെ ദീർഘിപ്പിച്ചുകൊണ്ടു പരാമർശം (2) പ്രകാരം ഉത്തരവാകുകയും കരട് മാസ്റ്റർ

പ്ലാൻ നഗരസഭ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുകൊണ്ടു പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(2) ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിക്കുന്ന വേളയിൽ നഗരസഭ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ സഹായത്തോടെ മാറ്റങ്ങൾ വരുത്തി അന്തിമ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിരുന്ന മാസ്റ്റർ പ്ലാനിൽ ചില പരിഷ്കരണങ്ങൾ വരുത്തി പുനഃപ്രസിദ്ധീകരണത്തിനുള്ള അനുമതിക്കായി സമർപ്പിക്കുന്നതിനു പരാമർശം (3) കത്ത് പ്രകാരം നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. മാസ്റ്റർപ്ലാൻ കമ്മിറ്റി, നഗരസഭ നിയോഗിച്ച എക്സ്പെർട്ട് കമ്മറ്റി എന്നിവരുടെ സഹായത്തോടെ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ, ചിറ്റൂർ തത്തമംഗലം നഗരസഭയ്ക്ക് വേണ്ടിയുള്ള മാസ്റ്റർ പ്ലാനായി സ്വീകരിക്കുവാനും, ചിറ്റൂർ തത്തമംഗലം നഗരസഭയ്ക്കായുള്ള മാസ്റ്റർപ്ലാൻ കരട് പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിന്റെ അനുമതിയ്ക്കായി ശിപാർശ ചെയ്യുന്നതിനും ചിറ്റൂർ തത്തമംഗലം നഗരസഭ കൗൺസിൽ പരാമർശം (4) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(3) ആയത് പ്രകാരം, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം, മാസ്റ്റർപ്ലാൻ പരിഷ്കരണങ്ങളോടെയോ അല്ലാതെയോ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യം ഫാറം II-ൽ, പ്രകാരം ചിറ്റൂർ തത്തമംഗലം നഗരസഭ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. തുടർന്ന്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(2) പ്രകാരവും, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(7) പ്രകാരവും തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ, പ്രസിദ്ധീകരണ അനുമതിയ്ക്കായി പരാമർശം (5) പ്രകാരം നഗരസഭാ സെക്രട്ടറി ഉചിതമാർഗ്ഗേണ സമർപ്പിച്ചിട്ടുണ്ട്.

(4) ചിറ്റൂർ തത്തമംഗലം നഗരസഭയ്ക്കായി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനിന്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതിക്കായി പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ സമർപ്പിച്ചിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറ്റൂർ തത്തമംഗലം നഗരസഭയ്ക്കായി തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, പാലക്കാട് നഗരസഭ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, ചിറ്റൂർ തത്തമംഗലം നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വിവര പൊതുജന സമ്പർക്ക (വെബ് & പി.ആർ.ഡി.) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
Date: 25-06-2024 16:08:24

സെക്ഷൻ ഓഫീസർ